**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 65** — **12-06-2024 - ൽ മറുപടിയ്ക്ക്**

**സ്വാഭാവിക വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്,**<br>**ശ്രീ. എൻ. ഷംസുദ്ദീൻ,**<br>**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,**<br>**ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സ്വാഭാവിക വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ച കൊണ്ട് 17.12.2021ൽ സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതു പ്രകാരം പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, മാഞ്ചിയം തുടങ്ങിയ വിദേശ വൃക്ഷങ്ങളും അവയടങ്ങിയ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് സ്വാഭാവിക വനങ്ങളായി പുന:സ്ഥാപനം നടത്തുവാൻ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>**ആയതിന്റെ ഭാഗമായി നബാർഡ്/ആർ.കെ.ഡി.പി പദ്ധതികളിൽ ഉൾപ്പെടുത്തി 5585.57 ഹെക്ടർ സ്ഥലത്ത് വിവിധ സർക്കിളുകളിലായി ടി പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും അതോടൊപ്പം ഇക്കോ റെസ്റ്റൊറേഷന്റെ ഭാഗമായി വന്യമൃഗങ്ങൾക്ക് ജലത്തിന്റെയും, ഭക്ഷണത്തിന്റെയും ലഭ്യത ഉറപ്പ് വരുത്തുന്നതിന് മുള, ഈറ്റ, പ്ലാവ്, നെല്ലി, കമ്പകം, പൂവം, താന്നി, വേപ്പ്, കുമ്പിൾ, ഞാവൽ, വട്ട, സീതപ്പഴം, മാവ്, പുന്ന, കണിക്കൊന്ന, മലവേപ്പ് തുടങ്ങിയ സസ്യങ്ങൾ 1346.54 ഹെക്ടർ സ്ഥലത്ത് ഇതിനോടൊപ്പം നട്ടുപിടിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കിയിട്ടുണ്ട്.** |
| (ബി) | അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് മരങ്ങൾക്ക് പകരം തദ്ദേശീയ മരങ്ങൾ വച്ചുപിടിപ്പിച്ചാൽ വന്യജീവി | (ബി) | **പരിസ്ഥിതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ്, സെന്ന തുടങ്ങിയ മരങ്ങളുടെ കടന്നു കയറ്റം സ്വാഭാവിക** |

| | | | |
|---|---|---|---|
| | ശല്യത്തിന് പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | | **വനങ്ങളുടെ ശോഷണത്തിന് കാരണമായി തീർന്നിട്ടുണ്ട്. വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് ശോഷണം സംഭവിക്കുന്നതുമൂലം ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും ഭക്ഷണാവശ്യങ്ങൾക്കായി ആശ്രയിക്കാൻ ചിലയിടങ്ങളിൽ വന്യമൃഗങ്ങൾ പ്രേരിതരാകുകയും മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു കാരണമാകുകയും ചെയ്യുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വന്യജീവികൾക്ക് മികച്ച ആവാസ വ്യവസ്ഥ, ഭക്ഷ്യസുരക്ഷ തുടങ്ങിയവ ഉറപ്പ് വരുത്തുന്നതിനായി അനുയോജ്യമായ തദ്ദേശീയ സസ്യങ്ങൾ തെരഞ്ഞെടുക്കുകവഴി മനുഷ്യ-വന്യജീവി സംഘർഷങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിക്കുന്നതാണ്.** |
| (സി) | സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ സ്വാഭാവിക വനം പദ്ധതി നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ? | (സി) | **സംസ്ഥാനം മുഴുവനും, പ്രത്യേകിച്ച് പശ്ചിമഘട്ട മേഖലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ളതും, പരിസ്ഥിതിക്കും, ആവാസവ്യവസ്ഥക്കും ദോഷകരമായതും, കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ, സെന്ന തുടങ്ങിയ അധിനിവേശ സസ്യങ്ങളും വിദേശ ഏകവിള തോട്ടങ്ങളും ഘട്ടം ഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുന:സ്ഥാപിക്കുന്നതാണ്. സംസ്ഥാനത്ത് സ്വാഭാവിക വനം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ വിവരം അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## പട്ടിക 1

### സ്വാഭാവിക വനം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദ വിവരങ്ങൾ

| പരിസ്ഥിതി പുനസ്ഥാപന പ്രവർത്തികൾ പൂർത്തീകരിച്ച സ്ഥലങ്ങൾ | | | |
|---|---|---|---|
| **സർക്കിൾ** | **ഡിവിഷൻ** | **സ്ഥലം** | **വിസ്തീർണ്ണം (ഹെക്ടർ)** |
| സതേൺ സർക്കിൾ | തെന്മല | ചാലിയക്കര | 30.00 |
| | പുനലൂർ | ഇരുതോട്, വെരുകുഴി, കടമാൻകോട്, പൂവാലിക്കുഴി പ്രദേശങ്ങൾ | 24.00 |
| | കോന്നി | മുണ്ടോമൂഴി, ആദിച്ചൻപാറ, ഉട്ടുംബന്നൂർ, തലമാനം പ്രദേശങ്ങൾ | 41.00 |
| | അച്ചൻകോവിൽ | മൂന്നുമുക്ക്, പണ്ടാറപ്പാറ, മ്ലാന്തടം, ക്ലരംപാറ, പത്താംമൈൽ, കമ്പിലൈൻ, ശവക്കോട്ട തുടങ്ങിയ പ്രദേശങ്ങൾ | 90.00 |
| | റാന്നി | ളാഹ, മണക്കയം, കുറമ്പൻമൂഴി, മേക്കാനം, മൺപിലാവ്, ഗുരുനാഥൻമണ്ണ്, അരയാഞ്ഞിലിമൺ തുടങ്ങിയ പ്രദേശങ്ങൾ | 50.00 |
| ഹൈറേഞ്ച് സർക്കിൾ | കോട്ടയം | കിളികളം, കണ്ണിമല, കുളമാക്കൽ പ്രദേശങ്ങൾ | 14.00 |
| | കോതമംഗലം | കോതമംഗലം ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ | 50.00 |
| | മൂന്നാർ | വട്ടപ്പാറ, ഇഡ്ഡലിമൊട്ട, തീർത്ഥമല, തീർത്ഥമല ടോപ്പ്, മനില, പുതുക്കുടി കൈതച്ചാൽ-ഈട്ടിച്ചുവട് പ്രദേശങ്ങൾ | 53.22 |
| | മറയൂർ | അഞ്ചനാട്ടുപാറ, പോത്തടി പ്രദേശങ്ങൾ | 78.00 |

| | | | |
|---|---|---|---|
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | തൃശ്ശൂർ | ചെമ്പിക്കുന്ന് | 405.55 |
| | വാഴച്ചാൽ | വാഴച്ചാൽ ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ | 10.00 |
| | ചാലക്കുടി | ചാലക്കുടി ഡിവിഷനിലെ വിവിധ റിസർവ് വന പ്രദേശങ്ങൾ | 32.00 |
| നോർത്തേൺ സർക്കിൾ | കണ്ണൂർ | നെടുംപൊയിൽ സെക്ഷനിൽ 1960 തേക്ക് & സോഫ്റ്റ് വുഡ് തോട്ടം | 40.02 |
| | നോർത്ത് വയനാട് | അമ്പലക്കണ്ടി കക്കോലംകുന്ന് പന്നിമുക്കംതറ, എന്നീ പ്രദേശങ്ങൾ | 17.25 |
| | | തിരുനെല്ലി ഭാഗത്തു വൈദേശിക കള സസ്യമായ സെന്ന നീക്കം ചെയ്യൽ | 50.00 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം വൈൽഡ് ലൈഫ് | തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ വിവിധ സ്വാഭാവിക വന പ്രദേശങ്ങളിൽ | 50.00 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | പെരിയാർ ടൈഗർ റിസർവ്വ്/മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷൻ | പെരിയാർ ടൈഗർ റിസർവ്വിലും, മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനുകളിലുമായി വിവിധ സ്വാഭാവിക വന പ്രദേശങ്ങളിൽ | 311.50 |
| **ആകെ** | | | **1346.54** |

| **പരിസ്ഥിതി പുനസ്ഥാപന പ്രവർത്തികൾ നടന്നു വരുന്ന സ്ഥലങ്ങൾ** | | | |
|---|---|---|---|
| **സർക്കിൾ** | **ഡിവിഷൻ** | **സ്ഥലം** | **വിസ്തീർണ്ണം (ഹെക്ടർ)** |
| സതേൺ സർക്കിൾ | തെന്മല | ചെമ്പഴികം, പേരംകോവിൽ, അണ്ടൂർ പച്ച പ്രദേശങ്ങൾ | 22.72 |
| | തിരുവനന്തപുരം | കുണ്ടളംകുഴി, ചൂലടി, മിൽപ്പാലം, കുട്ടപ്പാറ, അഞ്ചുമരുതിമൂട്, കോട്ടയപ്പൻ കാവ്, നെല്ലിക്കാപ്പാറ, ഉദിമൂട്, ആനപ്പെട്ടി, കുടവനാട് പ്രദേശങ്ങൾ. | 327.96 |
| | പുനലൂർ | കുറവൻതാവളം | 62.78 |

| | | | |
|---|---|---|---|
| ഹൈറേഞ്ച് സർക്കിൾ | മറയൂർ | പോത്തടി | 30.00 |
| | കോട്ടയം | കളമാവ്, എരുമേലി/നഗരംപാറ റെയിഞ്ച് പരിധിയിലുള്ള HNL ക്യാപ്റ്റീവ് പ്ലാന്റേഷൻ പ്രദേശങ്ങൾ | 458.02 |
| സെൻട്രൽ സർക്കിൾ | വാഴച്ചാൽ | 1997 തേക്ക്തോട്ടം ആതിരപ്പള്ളി 15-ാം ബ്ലോക്ക് | 20.90 |
| | തൃശ്ശൂർ | വടക്കാഞ്ചേരി റെയിഞ്ചിൽ കോട്ടമ്പത്തൂർ, കുട്ടി മരുത്, ചിറ്റണ്ട, തിച്ചൂർ | 212.00 |
| ഈസ്റ്റേൺ സർക്കിൾ, | നെന്മാറ | വെള്ളാരം കടവ്, ചെമ്മണാം പതി, ചപ്പക്കാട്, സീതാർകുണ്ട്, കോട്ടേക്കുളം, പാടഗിരി, തളിപ്പാടം, ചാത്തൻകോട്, വെള്ളാപ്പാറക്കുന്ന്, | 240.60 |
| | നിലമ്പൂർ നോർത്ത് | അരിമ്പ്രക്കുത്ത്, സെൻട്രൽ നഴ്സറി കോമ്പൗണ്ട് | 19.37 |
| | പാലക്കാട് | വരളിപ്പതി, നട്ടുപ്പതി, പൂളപ്പാറ, വട്ടപ്പാറ, കോതരമനക്കാട് | 564.54 |
| | നിലമ്പൂർ സൗത്ത് | വട്ടിക്കൽ, ചുരുളിപ്പൊട്ടി, പൂളക്കപ്പാറ | 88.52 |
| | മണ്ണാർക്കാട് | പൊട്ടിക്കൽ | 13.16 |
| നോർത്തേൺ സർക്കിൾ | കാസർഗോഡ് | കാട്ടിപ്പാറ, കയ്യണ്ണി, മാടത്തുംകാട്, കട്ടമനട്ടക്ക, ചീനാടി, കാട്ടിപ്പള്ളം , ഉഡ്ഡുഡുക്ക , കാട്ടികജെ ബെള്ളച്ചേരി, ബളവന്തടുക്ക, കാറഡുക്ക പ്രദേശങ്ങൾ | 128.99 |
| | സൗത്ത് വയനാട് | പാറത്തോട് കൊഞ്ചേരിക്കുന്ന് കൊച്ചുമല പ്രദേശങ്ങൾ. | 73.01 |
| | കണ്ണൂർ | കണ്ണൂർ റെയിഞ്ച് | 10.00 |
| ഫീൽഡ് ഡയറക്ടർ പ്രൊജക്ട് ടൈഗർ, കോട്ടയം | മൂന്നാർ വന്യജീവി ഡിവിഷൻ | ഷോല നാഷണൽ പാർക്ക് റെയിഞ്ചിലെ നെടുവാർപ്പ് , ബന്തർ പ്രദേശങ്ങൾ. | 140.00 |

| | | | |
|---|---|---|---|
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | വയനാട് വന്യജീവി സങ്കേതം | അധിനിവേശ സസ്യങ്ങളെ പിഴുതമാറ്റി സ്വാഭാവിക വനം ഉണ്ടാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചുവരുന്നു. | 3173.00 |
| **ആകെ** | | | 5585.57 |
| പരിസ്ഥിതി പുനസ്ഥാപന പ്രവർത്തികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ | | | |
| ഹൈറേഞ്ച് സർക്കിൾ | കോതമംഗലം | 1996 അൽബീസിയത്തോട്ടം, 1947 തേക്കുതോട്ടം, 1948 തേക്കുതോട്ടം, മീൻമുട്ടി തോട്ടാപ്പുര, പോത്തുമറ്റം 2004 മാഞ്ചിയം തോട്ടം വേളൂർ പച്ചില തേക്കോടം, നെട്ടുവക്കാട് പ്രദേശങ്ങൾ | 403.87 |
| സെൻട്രൽ സർക്കിൾ | ചാലക്കുടി | 2013 പുല്ലുമുടി, 2008 കാവനാട്, 2010 ആറേശ്വരം എന്നീ തോട്ടങ്ങൾ | 33.22 |
| | മലയാറ്റൂർ | കോട്ടപ്പാറ | 155.32 |
| ഈസ്റ്റേൺ സർക്കിൾ | മണ്ണാർ ക്കാട് | തത്തേങ്ങലം , മുളകുവള്ളം , കൊല്ലൻകടവ് , ഉുവ, ഷോളയൂർ കുളക്കുർ വെളിങ്ങകൽമുക്ക് കടമ്പാറ, വെള്ളാംകുളം, കോട്ടമല, ചാലയൂർ, പച്ചമല, സിങ്കപ്പാറ | 377.05 |
| | നെന്മാറ | ചപ്പക്കാട്, ചെമ്മണാം പതി, പൂതമല, തൊട്ടുക്കാട്, ചാത്തങ്കോട് പാടഗിരി | 159.90 |
| | നിലമ്പൂർ നോർത്ത് | വടപുരം, പൂച്ചകുത്ത്, തണപ്പൻചോല വെള്ളക്കട്ട | 20.75 |
| | നിലമ്പൂർ സൗത്ത് | മണ്ണാർമല, ഇമൻകാട് പാലമല | 57.62 |
| | പാലക്കാട് | ചൊവ്വല്ലൂർമനക്കാട്, ഇടമല, ഒട്ടുവൻകാട്, പനമ്പുള്ളി എടുപ്പകുളം | 186.38 |

| | | | |
|---|---|---|---|
| നോർത്തേൺ സർക്കിൾ | സൗത്ത് വയനാട് | ചെതലത്ത് റെയ്ഞ്ചിൽ 1959 കുറിച്ചിപ്പട്ട തേക്ക് പ്ലാന്റേഷൻ | 17.30 |
| | നോർത്ത് വയനാട് | തിരുനെല്ലി ഭാഗത്തു ലന്താന നീക്കം ചെയ്യുന്നതിനുള്ള പദ്ധതി | 50.00 |
| | കോഴിക്കോട് | മരുതിലാവിൽ 2001 അക്കേഷ്യ തോട്ടം 1993 യൂക്കാലിപ്റ്റസ് തോട്ടം | 15.00 |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | തിരുവനന്തപുരം വൈൽഡ് ലൈഫ് | കോട്ടൂർ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് റെയിഞ്ച് അക്കേഷ്യ തോട്ടം മുറിച്ചുമാറ്റി സ്വാഭാവിക വനമായും പുൽമേട്ടുകളുമാക്കി മാറ്റുന്നതിന് വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. | 27.90 |
| ഫീൽഡ് ഡയറക്ടർ, പാലക്കാട് | സൈലന്റ് വാലി നാഷണൽ പാർക്ക് | ഭവാനി റെയിഞ്ചിൽ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചുമാറ്റി തദ്ദേശ ഇനം സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കി വരുന്നു. | 51.39 |
| **ആകെ** | | | **1555.70** |

പരിസ്ഥിതി പുനഃ സ്ഥാപന പദ്ധതികൾ നടപ്പിലാക്കുന്നത് കൂടാതെ കാട്ടിനുള്ളിലും അതിർത്തി പ്രദേശങ്ങളിലും ഫലവൃക്ഷ വിത്തുകൾ സീഡ് ബാൾ ആക്കി നിക്ഷേപിപ്പിക്കുന്ന പ്രവർത്തികൾ പങ്കാളിത്ത വനപരിപാലന സമിതികൾ മുഖേനെ തൈകൾ ഉല്പാദിപ്പിച്ച് നടുന്ന പ്രവർത്തികൾ എന്നിവയും നടപ്പിലാക്കി വരുന്നു.

| ഡിവിഷൻ | പ്രവൃത്തിയുടെ വിശദാംശം |
|---|---|
| വയനാട് വന്യജീവി സങ്കേതം | കാട്ടിനുള്ളിലും അതിർത്തി പ്രദേശങ്ങളിലും ഫലവൃക്ഷ വിത്തുകൾ സീഡ് ബാൾ ആക്കി നിക്ഷേപിച്ചുവരുന്നു. നായ്ക്കട്ടി ഫോറസ്റ്റ് സ്റ്റേഷനിലെ പിലാക്കാവ് ഇ.ഡി.സി നഴ്സറിയിൽ ഏകദേശം 25,000 മുളംതൈകൾ ഉൽപ്പാദിപ്പിക്കുകയും ഏകദേശം 10,000 തൈകളുടെ നടീൽ പ്രവർത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| നോർത്ത് വയനാട് | ഒണ്ടയങ്ങാടി തേക്ക് സോഫ്റ്റ് വുഡ് തോട്ടത്തിലെ ഗ്യാപ്പ് പ്ലാന്റേഷന്റെ ഭാഗമായി 4800 വൃക്ഷത്തൈകൾ നട്ടുപരിപാലിച്ചുവരുന്നു. |